# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : **145.**

30..9..2011-ൽ മറുപടിക്ക്

## പാൽവില വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച നടപടി.

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീമതി ജമീലാ പ്രകാശം,<br>ശ്രീ. ജോസ് തെറ്റയിൽ,<br>ശ്രീ. മാത്യു റ്റി. തോമസ്,<br>ശ്രീ. സി.കെ. നാണു.** | **ശ്രീ. കെ.സി. ജോസഫ്,<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) പാൽവില വർദ്ധിപ്പിക്കുന്നതിന് മുൻപ് ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) സർക്കാർ തലത്തിൽ ശ്രീ. പി.കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നിയോഗിക്കപ്പെട്ട കമ്മിറ്റി വിശദമായ ശാസ്ത്രീയ പഠനം നടത്തിയിരുന്നു. പിന്നീട് മിൽമയും ഇതു സംബന്ധിച്ച പഠനം നടത്തുകയുണ്ടായി. |
| (ബി) വർദ്ധിപ്പിച്ച പാൽ വിലയിൽ ക്ഷീരകർഷകന് കിട്ടുന്ന വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) വർദ്ധിപ്പിച്ച അഞ്ച് രൂപയിൽ ക്ഷീരകർഷകന് കിട്ടുന്ന വിഹിതം ലിറ്ററിന് പരമാവധി 4 രൂപ 20 പൈസയാണ്. |
| (സി) കർഷകർക്ക് മിൽമ നൽകിയിരുന്ന ആനുകൂല്യങ്ങൾ പാൽ വില വർദ്ധിപ്പിച്ചതോടെ പിൻവലിച്ചതിനാൽ വർദ്ധനവിന്റെ ഗുണം ക്ഷീര കർഷകർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) & (ഡി) നഷ്ടം സഹിച്ചും പാലുല്പാദനം നടത്തിക്കൊണ്ടിരിക്കുന്ന ക്ഷീരകർഷകരെ ഒരു പരിധി വരെ സഹായിക്കുവാൻ തിരുവനന്തപുരം, മലബാർ മേഖലാ യൂണിയനുകൾ നഷ്ടം സഹിച്ചുകൊണ്ട് സ്വന്തം പ്രവർത്തന ഫണ്ടിൽ നിന്നും കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകിയിരുന്നു. പാൽവില വർദ്ധിപ്പിക്കുന്നതിനു മുമ്പ് തന്നെ മേഖലാ യൂണിയനുകൾ പ്രത്യേകമായി നൽകി വന്നിരുന്ന അധികവില, കാലിത്തീറ്റ സബ്സിഡി എന്നിവ നിർത്തലാക്കാൻ തീരുമാനിച്ചിരുന്നു. സബ്സിഡി നൽകിയ കാലത്തെ മേഖലാ യൂണിയനുകളുടെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തുകൊണ്ടാണ് കാലിത്തീറ്റ സബ്സിഡി പിൻവലിച്ചത്. എന്നാൽ, പാലുല്പാദനത്തിനു വേണ്ടി മേഖലാ യൂണിയനുകൾ നൽകിക്കൊണ്ടിരുന്ന മറ്റെല്ലാം പദ്ധതികളും ഇപ്പോഴും തുടരുന്നുണ്ട്. ഇതിനു പുറമെ സർക്കാർ നൽകിവരുന്ന കാലിത്തീറ്റ സബ്സിഡി |

വർദ്ധിപ്പിച്ചിട്ടുണ്ട്. പാലുല്പാദന ചെലവ് കുറയ്ക്കുക എന്ന ഉദ്ദേശത്തോടു കൂടി ക്ഷീരവികസന വകുപ്പ് കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ വികസന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി.) എന്നിവ നടപ്പിലാക്കി വരുന്നു. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീരകർഷക പെൻ-ഷൻ, വിദ്യാഭ്യാസ ധനസഹായം, കർഷക ഇൻഷുറൻസ് പദ്ധതി തുടങ്ങിയ ക്ഷേമ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

## വിശദീകരണ കുറിപ്പ്

കേരളത്തിനാവശ്യമായ പാലിന്റെ 70%-ത്തോളം പ്രാദേശികമായി ഉല്പാദിപ്പിക്കുന്നു. കാർഷിക മേഖലയുടെ തകർച്ച പാൽ ഉല്പാദനത്തെയും ബാധിച്ചു. കാർഷിക വിളകളുടെ ഉല്പാദനക്കുറവ്, നഗരവൽക്കരണം, മേച്ചിൽ സ്ഥലങ്ങളുടെ കുറവ് എന്നിവ ഉല്പാദനചെലവ് ഗണ്യമായി വർദ്ധിപ്പിക്കുവാൻ ഇടയാക്കി. കേരളത്തിലെ ക്ഷീരകർഷകർക്ക് പാലിനു ലഭിക്കുന്ന വില ഉല്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായി കാണുന്ന സാഹചര്യത്തിൽ പാൽവില വർദ്ധിപ്പിക്കേണ്ടി വരുന്നു. ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി പാൽവില വർദ്ധിപ്പിച്ചാൽ മാത്രമേ പാൽ ഉല്പാദനം ഇതേ ക്രമത്തിലെങ്കിലും നിലനിർത്തുവാൻ സാധിക്കുകയുള്ളൂ.

കേരളത്തിൽ പതിനാല് ലക്ഷത്തോളം ക്ഷീരകർഷകരാണ് പശുക്കളെ വളർത്തി പാലുല്പാദിപ്പിച്ച് ഉപജീവനം നടത്തി വരുന്നത്. ഇതിൽ 3 ലക്ഷത്തോളം കർഷകരാണ് ക്ഷീരസഹകരണസംഘങ്ങളിൽ പാൽ അളക്കുന്നത്. മൂന്നു ലക്ഷം കർഷകരിൽ തന്നെ അവരുല്പാദിപ്പിക്കുന്ന പാലിന്റെ നാലിലൊന്ന് ഭാഗമോ അതിനു താഴെയോ ആണ് ക്ഷീരസംഘങ്ങളിൽ അളക്കുന്നത്. ക്ഷീരസഹകരണസംഘങ്ങളിലൂടെ കേരളത്തിലെ ആകെ പാലുല്പാദനത്തിന്റെ ഇരുപതു ശതമാനത്തോളം പാൽ മാത്രമാണ് ശേഖരിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോടതിവിധിയുടെ അടിസ്ഥാനത്തിൽ 2011 സെപ്തംബർ 5 മുതലാണ് പാൽവില വർദ്ധിപ്പിച്ചത്. ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ച് 28 രൂപയാക്കി. വർദ്ധിപ്പിച്ച വിലയിൽ 4.20 രൂപ ക്ഷീരകർഷകർക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന തരത്തിൽ പാൽവില ചാർട്ടിൽ മിൽമ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനു മുൻപായി അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. പി.കെ.മൊഹന്തി അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയും കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലിറ്ററിനു മൂന്നു രൂപ വർദ്ധിപ്പിച്ച് 23 രൂപ 28-6-2010 മുതൽ നൽകിയിട്ടുള്ളതുമാണ്.

പാൽ ഉല്പാദനച്ചെലവ് കുറയ്ക്കുക എന്ന ഉദ്ദേശത്തോടുകൂടി ക്ഷീരവികസന വകുപ്പ് കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, എം.എസ്.ഡി.പി. എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വകുപ്പിന്റെ കീഴിൽ ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് നൽകിവരുന്നു.